അവധി ആവശ്യപ്പെട്ടപ്പോൾ അപ്രകാരം അവധി നൽകാൻ നിലവിൽ വ്യവസ്ഥയില്ലാത്തതിനാൽ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അവധി അപേക്ഷ നൽകാൻ ശിശുവികസന പദ്ധതി ഓഫീസർ വർക്കറെ അറിയിക്കുകയുണ്ടായി. ടിയാളുടെ ഭാഗത്തുനിന്നും യാതൊരു പ്രതികരണവും ലഭിച്ചില്ലെന്നും അന്വേഷണത്തിൽ ടിയാൾ പഞ്ചായത്തിൽ പാർട്ട്ടൈം സ്വീപ്പറായി ജോലി നോക്കുകയാണെന്ന് അറിയാൻ കഴിഞ്ഞുവെന്നും സി.ഡി.പി.ഒ. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി വർക്കർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നിർദ്ദേശം നൽകുകയും ശിശുവികസന പദ്ധതി ഓഫീസർ ടിയാൾക്ക് മെമ്മോ നൽകുകയും ചെയ്തു. മെമ്മോ കൈപ്പറ്റി രണ്ടുദിവസത്തിനകം ടിയാൾ ഓഫീസിൽ ഹാജരായി 27-5-2015-ാം തീയതി പ്രാബല്യത്തിൽ ജോലി രാജിവയ്ക്കുകയുമുണ്ടായി.

നിരാലംബരായ സ്ത്രീകൾക്കായുള്ള അഭയകേന്ദ്രങ്ങൾ

258 (3465) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നിരാലംബരായ സ്ത്രീകൾക്കായുള്ള അഭയകേന്ദ്രങ്ങൾ ജില്ലകൾതോറും നടപ്പിലാക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ അതിനായി ബഡ്ജറ്റിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്നും ഏതൊക്കെ ജില്ലകളിൽ അപ്രകാരം അഭയകേന്ദ്രങ്ങൾ നിർമ്മിച്ചു വെന്നും വിശദമാക്കാമോ ;

(സി) നിർഭയ പദ്ധതിയുടെ ഷെൽട്ടർ ഹോം എവിടെയൊക്കെ സ്ഥാപിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതിക്കായി കേന്ദ്രഗവൺമെന്റിൽ നിന്നും എത്ര തുക ലഭിച്ചുവെന്നും അതിൽ എത്ര തുക ഇതിനകം ചെലവഴിച്ചുവെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നിരാലംബരായ സ്ത്രീകൾക്കായുള്ള അഭയകേന്ദ്രങ്ങൾ ജില്ലകൾതോറും നടപ്പിലാക്കുമെന്ന് 2015-16 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല.

(ബി) നിർഭയ സെല്ലിന്റെ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 8

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപ നിർഭയ ഹോമുകളുടെ നിർമ്മാണത്തിനായി '4235-02-103-99' ശീർഷകത്തിലും 2 കോടി രൂപ നിർഭയ സെല്ലിന്റെ ഭരണപരമായ ചെലവുകൾക്കായി '2235-02-103-74(പി)' ശീർഷകത്തിലുമാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത 2 കോടി രൂപയിൽ 1,65,89,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഷെൽട്ടർ ഹോമുകളുടെ നിർമ്മാണച്ചെലവുകൾക്കായി ലഭിച്ച 8 കോടി രൂപയിൽനിന്നും തിരുവനന്തപുരം, എറണാകുളം, വയനാട് എന്നീ ജില്ലകളിലായി 4 നിർഭയ ഷെൽട്ടർ ഹോമുകളുടെ നിർമ്മാണത്തിനായി 694.7412 ലക്ഷം രൂപ പി.ഡബ്ല്യു.ഡി. മുഖേന ചെലവഴിച്ചുവരുന്നു.

(സി) നിർഭയ പദ്ധതിയുടെ ഷെൽട്ടർ ഹോമുകൾ ചുവടെ ചേർക്കുംപ്രകാരം സ്ഥാപിച്ചിട്ടുണ്ട്.

ജില്ല	എണ്ണം
തിരുവനന്തപുരം	3 (പൂജപ്പുര-2, വെഞ്ഞാറമൂട്-1)
എറണാകുളം	1
തൃശ്ശൂർ	1
മലപ്പുറം	1
ഇടുക്കി	1
പാലക്കാട്	1
കോഴിക്കോട്	1
വയനാട്	1
കാസർഗോഡ്	1
ആകെ	11

നടപ്പുസാമ്പത്തിക വർഷത്തിൽ കേന്ദ്രഗവൺമെന്റിൽനിന്നും തുകയൊന്നും ലഭിച്ചിട്ടില്ല.

സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ

259 (3466) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാമൂഹ്യനീതി വകുപ്പ്, കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ എന്തെല്ലാം; എത്ര രൂപ വിവിധ പദ്ധതികളിൽ ചെലവഴിച്ചു, വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly